പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1830 05.02.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ വൈദ്യുതി ബസ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ വൈദ്യുതി ബസ്സുകൾ വാടകയ്ക്കെടുത്ത് ഓടിയ്ക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി ലാഭകരമാണോ; എങ്കിൽ ഇതിനകം എന്ത് ലാഭം നേടി;വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. പ്രസ്തുത ബസ്സുകൾ ശബരിമലയിൽ പമ്പ – നിലയ്ക്കൽ ചെയിൻ സർവ്വീസിന് ഉപയോഗിക്കുകയും ഏതാണ്ട് 57.68 രൂപ പ്രതി കിലോമീറ്ററിന് ലാഭം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര വർഷത്തേയ്ക്കാണ് പ്രസ്തുത ബസ്സുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | പത്ത് വർഷത്തേയ്ക്കാണ് പ്രസ്തുത ബസ്സുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളത്. |
| (സി) | ദീർഘദൂര സർവ്വീസുകൾക്ക് പ്രസ്തുത ബസ്സുകൾ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. തിരുവനന്തപുരം - എറണാകുളം റൂട്ടിൽ എ.സി ബസ്സുകളുടെ നിരക്കിൽ ഓടിക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | സർക്കാർ നേരിട്ട് വൈദ്യുതി ബസ്സുകൾ വാങ്ങി ഏല്പിക്കണമെന്ന നിർദ്ദേശം കെ.എസ്.ആർ.ടി.സി മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ? | (ഡി) | പരിസ്ഥിതി സൗഹാർദ്ദ ഇലക്ട്രിക് ബസ്സുകൾ ഓടിക്കുന്നതിന് ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുകയോ വെറ്റ് ലീസ് മാതൃകയിൽ ഓപ്പറേറ്റ് ചെയ്യുന്നതിന് സഹായിക്കുകയോ വേണമെന്ന് കെ.എസ്. ആർ.ടി.സി. അറിയിച്ചിരുന്നു. എന്നാൽ ഇവ ഒരെണ്ണത്തിന് ഏകദേശം രണ്ട് കോടി രൂപ വില വരുമെന്നതിനാൽ വാങ്ങാൻ നിർവ്വാഹമില്ലെന്നും വെറ്റ് ലീസ് വ്യവസ്ഥയിൽ ഓടിക്കുന്നതാണ് അഭികാമ്യമെന്നും കെ.എസ്.ആർ.ടി.സി. അറിയിച്ചതിൻ പ്രകാരം മൂന്നാർ നീലകുറിഞ്ഞി ഫെസ്റ്റിവലിന്റെ ഭാഗമായി 10 ഇലക്ട്രിക് ബസ് (9 മീറ്റർ) വെറ്റ് ലീസ് വ്യവസ്ഥയിൽ ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് അനുമതി നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ